ALPHA INSTITUTE
OF THEOLOGY AND SCIENCE
Sandesabhavan, Thalassery, Kerala, India - 670 101

# Online Viva Model Questions

## വി. മർക്കോസിന്റെ സുവിശേഷം

*ഒറ്റവാക്കിൽ ഉത്തരം നൽകുക*

1. മർക്കോസ് സുവിശേഷത്തിന്റെ പ്രധാന അനുവാചകർ ആര്?
2. ഒരു കഥയുടെ ഇടയ്ക്ക് മറ്റൊരു കഥ വിവരിക്കുന്ന രചനാസങ്കേതത്തിനു പറയുന്ന പേരെന്ത്?
3. 'അഭിഷിക്തൻ' എന്നർത്ഥമുള്ള ഹീബ്രു പദമേത്?
4. സുവിശേഷങ്ങളല്ലാതെ പുതിയനിയമത്തിൽ മനുഷ്യപുത്രൻ എന്ന പദം ഉപയോഗിക്കുന്ന ഗ്രന്ഥമേത്?
5. 'മത്തേത്തെസ്' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥമെന്ത്?
6. സുവിശേഷം എന്ന വാക്കിന്റെ ഗ്രീക്ക് മൂലരൂപം ഏത്?
7. ഹെർമോൻ മലയിൽ നിന്നുത്ഭവിച്ച് ഗലീലാക്കടലിലെത്തുന്ന നദി ഏത്?
8. ഗലീലി എന്ന വാക്കിന്റെ അർത്ഥം?
9. പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവ ആരുടെ പ്രധാനപ്പെട്ട ഭക്തകൃത്യങ്ങളായിരുന്നു?
10. അന്ത്രയോസ് എന്ന വാക്കിന്റെ അർത്ഥമെന്ത്?
11. മസിയാഹ് എന്ന ഹീബ്രു പദത്തിന്റെ ഗ്രീക്ക് പരിഭാഷ എന്താണ്?
12. ''ബൊവനെർഗസ്'' എന്ന അരമായ പദത്തിന്റെ അർത്ഥം എന്താണ്?
13. ''ഏഗോ എയ്മി'' എന്നതിന്റെ അർത്ഥം എന്താണ്?
14. മർക്കോസിന്റെ സുവിശേഷത്തിലെ ഏറ്റവും ദീർഘമായ പ്രബോധനം ഏതാണ്?
15. യേശുവിനെ വിചാരണ ചെയ്യുന്ന സമയത്തെ പ്രധാന പുരോഹിതൻ ആരായിരുന്നു?
16. ശിഷ്യന്മാരെ സൂചിപ്പിക്കുന്ന ഗ്രീക്കു പദമേത്?
17 എണ്ണച്ചക്ക് എന്നതിന്റെ ഗ്രീക്ക് രൂപമെന്ത്?
18. എത്ര പ്രഖ്യാപനകഥകൾ മർക്കോസിന്റെ സുവിശേഷത്തിൽ കണ്ടെത്താം?
19. ഹീബ്രുവിൽ ഏത് വാക്കിന്റെ പരിഭാഷയാണ് പരാബൊളെ?
20. ശിഷ്യന്മാരെ ''അപ്പസ്തോലൻമർ'' എന്ന് മർക്കോസ് എത്ര തവണ സംബോധന ചെയ്യുന്നുണ്ട്?

*3 മിനിറ്റിൽ കുറയാതെ ഉത്തരം നൽകുക*

1. രണ്ടാമത്തെ സുവിശേഷത്തിന്റെ ഗ്രന്ഥകർത്താവ് മർക്കോസാണെന്ന് സമർത്ഥിക്കുക?
2. മർക്കോസിന്റെ സുവിശേഷത്തിലെ പ്രഥമവചനം (1:1) സൂചിപ്പിക്കുന്ന സന്ദേശം വ്യക്തമാക്കുക?
3. പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിന്റെ (8:27-30) സാഹചര്യവും പ്രാധാന്യവും വിശദമാക്കുക?
4. യേശുവിന്റെ ദേവാലയത്തിലെ പ്രവൃത്തിയുടെ (11:15-19) ദൈവശാസ്ത്ര അർത്ഥതലങ്ങൾ വിശദമാക്കുക?